**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 137** **29-09-2025 - ൽ മറുപടിയ്ക്ക്**

**പോഷക സമൃദ്ധി മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. ആർ. പ്രദീപ്,**<br>**ശ്രീ കെ യു ജനീഷ് കുമാർ,**<br>**ശ്രീ. ആന്റണി ജോൺ,**<br>**ശ്രീ. എ. രാജ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിന് പ്രാധാന്യം നൽകി കാർഷിക പാരിസ്ഥിതിക പ്രശ്നങ്ങളെ അടിസ്ഥാനമാക്കി പോഷക പ്രാധാന്യമുള്ള വിളകൾ ഉല്പാദിപ്പിക്കുന്നതിന് പ്രത്യേകമായി പോഷക സമൃദ്ധി മിഷന് രൂപം കൊടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>ഉത്പാദനം, വിപണനം, മൂല്യവർദ്ധനവ്, പൊതുജനാരോഗ്യം എന്നീ മേഖലകൾ സമഗ്രമായി സംയോജിപ്പിച്ചുകൊണ്ട് ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിന് പ്രാധാന്യം നൽകി കാർഷിക പാരിസ്ഥിതിക മേഖലകളെ അടിസ്ഥാനമാക്കി പോഷക പ്രാധാന്യമുള്ള വിളകൾ ഉൽപ്പാദിപ്പിക്കുന്നതിനും, അതുവഴി കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിച്ച് പോഷക സമൃദ്ധി മിഷൻ രൂപീകരിച്ചിട്ടുണ്ട്.<br><br>പോഷക സമൃദ്ധി മിഷനിൽ പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ, കിഴങ്ങു വർഗ്ഗങ്ങൾ എന്നിവയുടെ ഉല്പാദനവും അവശ്യ അളവിലുള്ള ഉപഭോഗവും പ്രോത്സാഹിപ്പിക്കുന്നു. |
| (ബി) | പ്രസ്തുത മിഷൻ രൂപീകരണത്തിലൂടെ എന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദമാക്കാമോ; | (ബി) | പോഷക സമൃദ്ധി മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്<br><br>• പച്ചക്കറി/പയറുവർഗ്ഗങ്ങൾ/ ചെറുധാന്യങ്ങൾ/ പഴവർഗ്ഗങ്ങൾ എന്നിവയുടെ അവശ്യ അളവിലുള്ള ഉപയോഗത്തിലൂടെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുക.<br>• പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യപ്തത കൈവരിക്കുക.<br>• പോഷക പ്രധാന്യമുള്ള ചെറുധാന്യങ്ങൾ ഉൾപ്പെടെയുള്ള വിളകളുടെ ഉല്പാദനവും ഉപയോഗവും വ്യാപകമാക്കുക.<br>• പയറുവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ എന്നിവയുടെ ഉല്പാദനം ആരോഗ്യ സൂചികക്കനുസൃതമായി വർദ്ധിപ്പിക്കുക. |

| | | | |
|---|---|---|---|
| | | | • കൂൺ കൃഷിയും കൂൺ അടിസ്ഥാനമാക്കിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുക.<br>• ഉത്തമ കൃഷിരീതികളിലൂടെയും സുരക്ഷിതവും ഗുണമേന്മയുള്ളതുമായ ഉല്പന്നങ്ങൾ ലഭ്യമാക്കുക.<br>• ഉല്പാദനം, വിപണനം, മൂല്യവർദ്ധനവ് എന്നീ മേഖലകളിൽ ലഭ്യമായ സാങ്കേതിക വിദ്യകൾ ഫലപ്രദമായി ഉപയോഗിച്ച് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക.<br>• പോഷക ഭക്ഷണങ്ങൾക്ക് പ്രാമുഖ്യം നല്കി ജീവിത ശൈലി രോഗങ്ങളിൽ നിന്നും വിമുക്തി നേടുവാൻ ജനങ്ങളെ പ്രേരിപ്പിക്കുക. |
| (സി) | സംസ്ഥാനത്ത് എത്ര കുടുംബങ്ങളെ മിഷന്റെ ഭാഗമാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്; ഇതിനകം എത്ര കുടുംബങ്ങളെ ഇതിന്റെ ഭാഗമാക്കിയിട്ടുണ്ട്; വിശദാംശം നൽകാമോ; | (സി) | 2024-25 സാമ്പത്തിക വർഷം മുതൽ 2026-27 വർഷം വരെ നീണ്ടു നിൽക്കുന്ന മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഓരോ വർഷത്തിലും 25 ലക്ഷം വീതം ആകെ 75 ലക്ഷം കുടുംബങ്ങളെ പങ്കാളികളാക്കുന്നതിനാണ് മിഷനിൽ ലക്ഷ്യമിട്ടിരിക്കുന്നത്. 2024-25 സാമ്പത്തിക വർഷത്തിൽ 4,59,839 കുടുംബങ്ങളെയാണ് മിഷനിൽ പങ്കാളികളാക്കിയിട്ടുള്ളത്. നാളിതുവരെ ആകെ 5,65,731 കുടുംബങ്ങളെ മിഷന്റെ ഭാഗമാക്കിയിട്ടുണ്ട്. |
| (ഡി) | കാർഷിക, പാരിസ്ഥിതിക മേഖലയെ അടിസ്ഥാനമാക്കി പ്രത്യേകമായി ന്യൂട്രീഷൻ പ്ലേറ്റ് രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | രൂപീകരിച്ചിട്ടുണ്ട്.<br><br>സമീകൃത ഭക്ഷണക്രമം വഴി പോഷകാഹാരം വ്യക്തികളിൽ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ "പോഷക തളികകൾ" അഥവാ "ന്യൂട്രീഷൻ പ്ലേറ്റ്" മിഷന്റെ ഭാഗമായി രൂപകല്പന ചെയ്തിട്ടുണ്ട്.<br><br>വെള്ളായണി കാർഷിക കോളേജിലെ കമ്മ്യൂണിറ്റി സയൻസ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിലാണ് 5 കാർഷിക പാരിസ്ഥിതിക മേഖലകളെ അടിസ്ഥാനപ്പെടുത്തി പോഷക തളികകൾ തയ്യാറാക്കിയിട്ടുള്ളത്. ഇപ്രകാരം പുരുഷന്മാർ, സ്ത്രീകൾ, ഗർഭിണികൾ, കുട്ടികൾ, വയോജനങ്ങൾ എന്നീ വിഭാഗങ്ങൾക്ക് പ്രായത്തെ അടിസ്ഥാനമാക്കി 17 തരം 'പോഷക തളിക' തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ